"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) - ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ച നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.160/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. 10/02/2021 - ലെ സ.ഉ.(പി) നം.27/2021/ധന
2. വിശാല കൊച്ചി വികസന അതോറിറ്റിയുടെ 16/02/2021 -ലെ 186/2020-21 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം
3. വിശാല കൊച്ചി വികസന അതോറിറ്റിയുടെ 16/02/2021 -ലെ 19/2020-21 നമ്പർ ജനറൽ കൗൺസിൽ തീരുമാനം
4. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 24/03/2021-ലെ 1452/ജി3/2021/ജിസിഡിഎ നമ്പർ കത്ത്.
5. 11/02/2025 - ലെ സ.ഉ.(കൈ) നം.28/2025/തസ്വഭവ

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പരാമർശം (2), (3) എന്നിവ പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് ജി.സി.ഡി.എ. അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിൽ, വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ച നടപടി സാധൂകരിക്കണമെന്ന് പരാമർശം (4) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. അതിൻ പ്രകാരം സർക്കാരിന്റെ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ പ്രാബല്യ തീയതിയായ 01/07/2019 അടിസ്ഥാനമാക്കി അതോറിറ്റി ജീവനക്കാരുടെ 01/07/2019 പ്രാബല്യത്തിലുള്ള (മുൻകാലപ്രാബല്യം) സ്റ്റാഫ് പാറ്റേൺ, ശമ്പളപരിഷ്കരണത്തിന്റെ സാധൂകരണത്തിന് വേണ്ടി മാത്രമാണെന്ന നിബന്ധനയോടെ പരാമർശം (5) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

2. വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവാകണമെന്ന ജി.സി.ഡി.എ. സെക്രട്ടറിയുടെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം അംഗീകരിച്ച സ്റ്റാഫ് പാറ്റേണിൽ ജി.സി.ഡി.എ. ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിച്ച നടപടിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Name of Post | Staff Strength as on 01.07.2019 | Existing Staff Strength | Pre-Revised Scale (10th PR) | Revised Scale of Pay |
|---|---|---|---|---|---|
| 1. | Secretary* | 1 | 1 | As in PD | As in PD |
| PART - A | | | | | |
| 2. | Administrative Officer* | 1 | 0 | 55350-101400 | 77200-140500 |
| 3. | Assistant Administrative officer* | 2 | 0 | 42500-87000 | 59300-120900 |
| 4. | Section Officer* | 1 | 0 | 35700-75600 | 50200-105300 |
| 5. | Assistant Grade-I* | 1 | 0 | 26500-56700 | 37400-79000 |
| 6. | Assistant Grade-II* | 1 | 1 | 22200-48000 | 31100-66800 |
| * The posts in the Secretariat pattern included in Part A cease to exist as and when the incumbents who joined GCDA service before 04.07.2006 vacate the post. | | | | | |
| PART - B | | | | | |
| 7. | Deputy Secretary | 1 | 1 | 45800-89000 | 63700-123700 |
| 8. | Accounts Officer | 2 | 2 | 36600-79200 | 51400-110300 |
| 9. | P.A to Chairman | 1 | 1 | 36600-79200 | 51400-110300 |
| 10. | Superintendent | 14 | 14 | 30700-65400 | 43400-91200 |
| 11. | Head Clerk/ Revenue Inspector/ Field Supervisor | 4 | 4 | 26500-56700 | 37400-79000 |
| 12. | Senior Clerk | 26 | 26 | 25200-54000 | 35600-75400 |
| 13. | Clerk/Bill Collector | 26 | 26 | 19000-43600 | 26500-60700 |
| 14. | PABX Operator/ Telephone Attender | 1 | 1 | 17000-37500 | 23700-52600 |
| 15. | Driver | 4 | 4 | 18000-41500 | 25100-57900 |
| 16. | Roller Driver | 1 | 1 | 18000-41500 | 25100-57900 |
| 17. | Fair Copy Superintendent | 1 | 1 | 30700-65400 | 43400-91200 |
| 18. | U.D Typist | 3 | 3 | 25200-54000 | 35600-75400 |
| 19. | L.D Typist | 3 | 3 | 19000-43600 | 26500-60700 |
| 20. | Attender / Duplicating Machine Operator/ Fieldman | 9 | 9 | 17000-37500 | 23700-52600 |
| 21. | Nursery Attender | 1 | 1 | 17000-37500 | 23700-52600 |
| 22. | Binder | 1 | 1 | 17500-39500 | 24400-55200 |
| 23. | Blue Printer | 1 | 1 | 17000-37500 | 23700-52600 |
| 24. | Duffedar | 1 | 1 | 17000-37500 | 23700-52600 |
| 25. | Office Attendant/ Chainman/ Water Boy | 19 | 19 | 16500-35700 | 23000-50200 |
| 26. | Superintendenting Engineer | 1 | 1 | 85000-117600 | 118100-163400 |
| 27. | Executive Engineer | 3 | 3 | 68700-110400 | 95600-153200 |
| 28. | Assistant Executive Engineer (Civil) | 5 | 5 | 40500-85000 | 56500-118100 |
| 29. | Assistant Engineer (Civil) | 13 | 13 | 39500-83000 | 55200-115300 |
| 30. | Overseer Grade I(Engineering) | 12 | 12 | 26500-56700 | 37400-79000 |
| 31. | Overseer Grade II (Engineering) | 4 | 4 | 22200-48000 | 31100-66800 |

| | | | | | |
|---|---|---|---|---|---|
| 32. | Executive Engineer (Electrical) | 1 | 1 | 68700-110400 | 95600-153200 |
| 33. | Assistant Engineer (Electrical) | 1 | 1 | 39500-83000 | 55200-115300 |
| 34. | SLR (unskilled) worker Engineering | 1 | 1 | 16500-35700 | 23000-50200 |
| 35. | Senior Town Planner | 1 | 1 | 85000-117600 | 118100-163400 |
| 36. | Town Planning Officer | 4 | 4 | 68700-110400 | 95600-153200 |
| 37. | Landscape Architect | 1 | 1 | 55350-101400 | 77200-140500 |
| 38. | Deputy Town Planner | 6 | 6 | 40500-85000 | 56500-118100 |
| 39. | Assistant Town Planning Officer | 3 | 3 | 39500-83000 | 55200-115300 |
| 40. | Draftsman/ Surveyor Grade I (Planning) | 6 | 6 | 26500-56700 | 37400-79000 |
| 41. | Draftsman/ Surveyor Grade II (Planning) | 6 | 6 | 22200-48000 | 31100-66800 |
| 42. | Tracer | 1 | 1 | 19000-43600 | 26500-60700 |
| 43. | SLR Unskilled Worker (Planning) | 4 | 4 | 16500-35700 | 23000-50200 |
| | | 194 | 194 | | |

**<u>നിബന്ധനകൾ :-</u>**

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.
6. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. വിശാല കൊച്ചി വികസന അതോറിട്ടിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നിർത്തലാക്കപ്പെടുന്നതാണ്.
8. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

9. വിശാല കൊച്ചി വികസന അതോറിട്ടിയിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അല്ലെങ്കിൽ മുൻകൂറായി പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളപക്ഷം ആയത് മേൽ പട്ടികയിലെ ശമ്പളസ്കെയിലുകൾ പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ ക്രമീകരിക്കേണ്ടതുമാണ്.
10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ.(പി)നം. 27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
11. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10.02.2021 ലെ സ.ഉ.(പി)നം. 27/2021/ഫിൻ ഉത്തരവിലെ അനക്സർ VII വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്.
12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാതെ തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
14. ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് വിശാല കൊച്ചി വികസന അതോറിട്ടിയിൽ നടത്തിയിട്ടുള്ള വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി സ്റ്റാഫ് പാറ്റേണിൽ ഭേദഗതികൾ നടപ്പിലാക്കേണ്ടതാണ്.
15. 01.07.2019-പ്രാബല്യത്തിലുള്ള വിശാല കൊച്ചി വികസന അതോറിട്ടിയുടെ സ്റ്റാഫ് പാറ്റേൺ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന് സാധൂകരണം നൽകുന്നതിന് വേണ്ടി മാത്രം അംഗീകരിച്ചുനൽകിയിട്ടുള്ളതാകയാൽ ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമനങ്ങളോ, സ്ഥാനക്കയറ്റമോ, തസ്തികമാറ്റമോ അനുവദിക്കുവാൻ പാടുള്ളതല്ല.
16. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
17. ഇ.പി.എഫ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. എംപ്ലോയറുടെ ഇ.പി.എഫ്. കോൺട്രിബ്യൂഷൻ 12% of 15000 (Basic Pay + DA) ആയിരിക്കും.
18. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.
19. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
20. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും വിശാല കൊച്ചി വികസന അതോറിട്ടിയിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ്.
21. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട്

പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കോർപ്പറേഷനിൽ നടപ്പിലാക്കുവാൻ പാടില്ല.

**22.** ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ.(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

**23.** ശമ്പളപരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത അതോറിട്ടിയുടെ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

**24.** ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് G.O.(P) No.28/2016/Fin dtd 26.02.2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**25.** അതോറിട്ടിയിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ / ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P) No. 28/2016/Fin dtd 26.02.2016, G.O(P) No. 81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ G.O(P) No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

**26.** മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് വിശാല കൊച്ചി വികസന അതോറിട്ടി സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

**27.** 11.02.2025 തീയതിയിലെ സ.ഉ.(കൈ) നം.28/2025/LSGD ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിലുള്ള സർക്കാർ തീരുമാനത്തിന് വിധേയമായുള്ള സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**28.** ഭാവിയിൽ സർക്കാർ അനുമതിയോടുകൂടി മാത്രമേ ശമ്പള പരിഷ്കരണം അനുവദിക്കുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ധനകാര്യ (WCD) വകുപ്പ് (16.05.2025 & 30.08.2025-ലെ WCD-3/117/2023-ധന പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ് (20/08/2025-ലെ ഇനം നമ്പർ. 3188 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർഎസ്എ/ ജിഎസ്എസ്എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (LSGD-IA3/46/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 01-09-2025 10:56:36

സെക്ഷൻ ഓഫീസർ